*29-06-2026*
*Submission*

**സബ്മിഷൻ**

## ഈരാറ്റിൽ-വല്ലഭൻകുന്ന് പ്രദേശത്തെ പാറഖനനം നിയന്ത്രിക്കൽ

ശ്രീ. വി. ജോയി: സർ, ഒരു നാടിനെ ഗുരുതരമായി ബാധിക്കുന്നൊരു വിഷയമാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ പള്ളിക്കൽ വില്ലേജിൽ ഈരാറ്റിൽ-വല്ലഭൻകുന്ന് പ്രദേശത്ത് ഏകദേശം 11.94 ഹെക്ടർ റവന്യൂ ഭൂമിയിൽ പാറ ഖനനം ചെയ്യുന്നതിന് രണ്ട് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകിയിരിക്കുകയാണ്. കോടതിയുടെ നിർദ്ദേശപ്രകാരമെന്ന് പറഞ്ഞാണ് ഗ്രാമപഞ്ചായത്ത് അതിന് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ കളക്ടർ ഈ കാര്യങ്ങൾ പരിശോധിച്ച് നിരാക്ഷേപ പത്രം റദ്ദ് ചെയ്യുന്ന സാഹചര്യമുണ്ടായി. ഈ ക്വാറി മാഫിയ വീണ്ടും കോടതിയെ സമീപിച്ച് ഖനന നടപടികളുമായി മുന്നോട്ടുപോകുന്നുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. അങ്ങ് മനസ്സിലാക്കേണ്ടൊരു കാര്യം, തിരുവനന്തപുരം, കൊല്ലം ജില്ലകളെ വേർതിരിക്കുന്ന പ്രദേശമാണിത്. ഒരു ഭാഗത്ത് ചടയമംഗലമാണ്. ഈ പാറയിൽ തട്ടിയാണ് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ശുദ്ധജലവിതരണം സാധ്യമാക്കുന്ന പള്ളിക്കൽ പുഴ ഒഴുകുന്നത്. ഖനനത്തിന് ഉപയോഗപ്പെടുത്തുന്ന പാറ ഇപ്പോൾ വിനോദസഞ്ചാരികളുടെ പ്രധാനപ്പെട്ട കേന്ദ്രമാണ്. സൂര്യോദയവും സൂര്യാസ്തമയവും കാണാൻ കഴിയുന്ന സ്ഥലമാണ്. ജഡായു പാറപോലെ ഏറ്റവും പ്രധാനപ്പെട്ടൊരു പാറ സമുച്ചയമാണ് ഇത്. ഈ പാറ പൊട്ടിച്ചാൽ കുടിവെള്ള സ്രോതസ്സ് മുടങ്ങുകയും പള്ളിക്കൽ പുഴ കരകവിഞ്ഞൊഴുകുന്ന സാഹചര്യവുമുണ്ടാകും. ഇത് റവന്യൂ ഭൂമിയാണ്. പ്രകൃതിരമണീയമായിട്ടുള്ള ഈ ഭൂമി ഖനനത്തിന് വിട്ട് കൊടുക്കരുതെന്നും ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അങ്ങുതന്നെ ഇടപെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കണമെന്നും ഈ വിഷയത്തിനൊരു പരിഹാരം കാണണമെന്നും ഈ സബ്മിഷനിലൂടെ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, മാസങ്ങളോളം ബുദ്ധിമുട്ട് അനുഭവിച്ച് NOC വാങ്ങിയും കോടതിയെ സമീപിച്ചുമാണ് പാറ

*29-06-2026*
*Submission*

ഖനനം നടത്തുന്നതിന് അനുമതി നേടിയത്. അങ്ങനെയൊരു ബാക്ക് ഗ്രൗണ്ട് ഈ പ്രവർത്തിക്കുണ്ട്. പക്ഷെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കുടിവെള്ളത്തെയും ടൂറിസത്തെയും ബാധിക്കുന്ന മർമ്മ പ്രധാനമായ ഭൂമിയാണെങ്കിൽ തീർച്ചയായും അത് ഖനനത്തിന് കൊടുക്കുന്ന പ്രശ്നമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചശേഷം നടപടി സ്വീകരിക്കാൻ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന് നിർദേശം നൽകാം.

**ചിറക്കൽ വളപട്ടണം പ്രദേശത്തെ മിനി ഇൻഡസ്ട്രിയൽ ഹബ്ബാക്കി ഉയർത്തൽ**

ശ്രീ. കെ. വി. സുമേഷ്: സർ, എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ടൊരു ഇൻഡസ്ട്രിയൽ സെക്ടറാണ് വളപട്ടണം പഞ്ചായത്തിന്റെ ഭാഗമായ ചിറക്കൽ, കിരിയാട് പ്രദേശങ്ങൾ. വളപട്ടണം ആസ്ഥാനമായി പ്രവർത്തിക്കുന്ന ദി വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് ലിമിറ്റഡ് ഉൾപ്പെടെ പൈതൃകപരമായ നിരവധി വ്യവസായ സ്ഥാപനങ്ങൾ അവിടെയുണ്ട്. ഇടയ്ക്കിടെയുണ്ടാകുന്ന തീപിടുത്തം, വൈദ്യുതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയാണ് അവിടത്തെ പ്രധാന പ്രശ്നം. തുടർച്ചയായുണ്ടാകുന്ന ഇത്തരം പ്രയാസങ്ങൾ ഇൻഡസ്ട്രിയെ സാരമായി ബാധിക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി മിനി ഫയർസ്റ്റേഷനുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യമൊരുക്കി ഈ പ്രദേശത്തെ ഒരു മിനി ഇൻഡസ്ട്രിയൽ ഹബ്ബാക്കി മാറ്റണമെന്നതാണ് ആ മേഖലയിലുള്ളവരുടെ പ്രധാന ആവശ്യം. അതിനാവശ്യമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോയെന്നാണ് ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, SIDCO (Small Industries Development corporation Ltd.)-യുടെ ഉടമസ്ഥതയിലുള്ള ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അവിടെയുണ്ട്. ഇതുപോലുള്ള ധാരാളം പ്രശ്നങ്ങൾ അവിടെ ഉണ്ടാകുന്നുണ്ട്. എന്നിരുന്നാലും അവിടെ നല്ല നിലയിലുള്ള ഒരു ചെറുകിട വ്യവസായ ഹബ്ബിന് സാധ്യതയുണ്ടോ എന്നുള്ളത് പരിശോധിക്കാം. പ്രയാസമേറിയ സ്ഥലമാണെങ്കിലും സാധ്യത പരിശോധിക്കാം.

**അട്ടൂരിലെ വിവിധ കനാൽ തീരങ്ങളുടെയും നടപ്പാലങ്ങളുടെയും അപകടാവസ്ഥ**

*29-06-2026*
*Submission*

ശ്രീ. സി. വി. ശാന്തകുമാർ: സർ, അടൂർ നിയോജകമണ്ഡലത്തിലെ ജലസേചന കനാലുകളുടെ സംരക്ഷണം ഇന്ന് അതീവ ഗുരുതരമായ അവസ്ഥയിലാണ്. ഒരു കാലത്ത് കൃഷിയുടേയും ജലസേചനത്തിന്റെയും നട്ടെല്ലായിരുന്ന ഈ കനാൽ. ചെളി നിറഞ്ഞും കൈയേറ്റങ്ങൾകൊണ്ടും കാട്ടുമൂടിയും ഇന്ന് ജലസേചനം തടസപ്പെട്ട് കിടക്കുന്നു. നടപ്പാലങ്ങൾ തകർന്ന് അപകടകരമായ അവസ്ഥയിലാണ്. ഏഴംകുളം ഗ്രാമപഞ്ചായത്തിലെ 17, 18, 19 വാർഡുകളിലെ നടപ്പാലം കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമുമ്പ് തകർന്നുവീണു. സ്കൂൾ കുട്ടികൾ നടന്നുപോകുന്നതും മറുകര പോകുന്നതുമായിട്ടുള്ള നടപ്പാലമാണ് തകർന്നുവീണിരിക്കുന്നത്. കാട്ടുമൂടി കിടക്കുന്നതുകാരണം കാട്ടുപന്നി, പാമ്പ്, കുറുനരി തുടങ്ങിയവയുടെ താവളമായി മാറിയിരിക്കുകയാണ്. ബന്ധപ്പെട്ട വകുപ്പ് ഇത് അടിയന്തരമായി പരിഹരിക്കണമെന്ന് സർക്കാരിനോട് അപേക്ഷിക്കുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, അടൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കനാലുകളുടെ അപകടാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട ഇപ്പോഴത്തെ അവസ്ഥ സർക്കാർ പരിശോധിക്കുകയുണ്ടായി. കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ വിവിധ ഭാഗങ്ങൾ തകർച്ച നേരിട്ടിരിക്കുന്നുവെന്നുള്ളത് വസ്തുതയാണ്. ഈ കനാലുകളെ ക്രോസ് ചെയ്തുപോകുന്ന ചെറുതും വലുതുമായ 75 പാലങ്ങളും സൂപ്പർ പാസേജുകളുൾപ്പെടെ 741 നടപ്പാലങ്ങളുമുണ്ട്. ഇതിൽ ഭൂരിഭാഗവും കാലപ്പഴക്കത്താൽ ജീർണ്ണിച്ച അവസ്ഥയിലും കൈവരികൾ തകർന്ന സ്ഥിതിയിലുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഏകദേശം 45 വർഷം പിന്നിട്ട ഇവിടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ സുരക്ഷിതമാക്കുന്നതിന് അടിയന്തരമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏഴംകുളം പഞ്ചായത്തിൽ കാപ്പിൽ ഭാഗത്തെ കനാലിനു കുറുകെയുള്ള സൂപ്പർ പാസ്സേജ് തകരുകയുണ്ടായി. അതോടൊപ്പംതന്നെ വിവിധ സ്ഥലങ്ങളിൽ നാശനഷ്ടങ്ങളും അപകടാവസ്ഥയും നിലനിൽക്കുകയാണ്. ഇത് പുനരുദ്ധരിക്കുന്നതിനുവേണ്ടി പത്ത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ പ്രോജക്ട് വിഭാഗം, പ്രോജക്ട് 2 ചീഫ് എഞ്ചിനീയർ തയ്യാറാക്കി

*29-06-2026*
*Submission*

ഗവൺമെന്റിലേക്ക് കൈമാറിയിട്ടുണ്ട്. കൊട്ടുമൺ കനാലിനു കുറുകെ ഏഴംകുളം പഞ്ചായത്തിലും പുനരുദ്ധീകരിക്കുന്നതിന് വേണ്ടി 9 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതെല്ലാം സർക്കാർ പരിശോധിച്ചുവരികയാണ്. അടൂർ നിയോജകമണ്ഡലത്തിലൂടെ കടന്ന് പോകുന്ന കല്ലട ഇറിഗേഷൻ പ്രോജക്റ്റ്, കനാൽ ശൃംഖലയുടെ പുനരുദ്ധാരണം അടിയന്തരമായി നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനുവേണ്ടി സർക്കാർ ആവശ്യമായ തീരുമാനം കൈക്കൊള്ളുമെന്ന് അറിയിക്കുകയും ചെയ്യുന്നു. ഏഴ് പ്രവൃത്തികൾ നടപ്പാക്കുന്നതിനുവേണ്ടി ഒരു കോടി അറുപത്തിമൂന്ന് ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയതായി അറിയിക്കുന്നു. അതോടൊപ്പം അടിയന്തരപ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ബജറ്റിലുൾപ്പെടുത്തി കെ.ഐ.പി കനാൽശൃംഖലയുടെ പുനരുദ്ധാരണത്തിന് പത്ത് കോടി രൂപയുടെ പ്രവൃത്തി നടപ്പാക്കുന്നതാണെന്ന് അറിയിക്കുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി 85 പ്രവൃത്തികളുടെ ഭരണാനുമതി ഇതിനോടകം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് നിർദേശിച്ചിരിക്കുന്ന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും അടൂർ നിയോജകമണ്ഡലത്തിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന കനാൽ ശോച്യാവസ്ഥയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കാനും അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

## തിരുവല്ലയിലെ ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനം സജ്ജമാക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. വർഗ്ഗീസ് മാമ്മൻ</u>: സർ, തിരുവല്ല നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾ വർഷങ്ങളായി രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. ഈ പ്രശ്നപരിഹാരത്തിന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാറിന്റെ കാലത്ത് ബഹുമാന്യനായ പി. ജെ. ജോസഫ് ജലവിഭവ വകുപ്പുമന്ത്രിയായിരുന്നപ്പോൾ തുടക്കം കുറിച്ച ഈ ജലപദ്ധതി പത്തുവർഷം പിന്നിട്ടിട്ടും

*29-06-2026*
*Submission*

ഇതുവരെ പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഓവർഹെഡ് ടാങ്കുകൾ, പൈപ്പ് ലൈൻ ശൃംഖല എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതി കമ്മീഷൻ ചെയ്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുകയാണ്. മല്ലപ്പള്ളി, ആനിക്കാട് സമീപ പഞ്ചായത്തുകളിലെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്ന സാങ്കേതികവും ഭരണപരവും സാമ്പത്തികപരവുമായ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ സർക്കാരിന്റെ അടിയന്തരവിഷയമായി ഏറ്റെടുത്ത് നടപ്പാക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, തിരുവല്ല നിയോജകമണ്ഡലത്തിലുൾപ്പെട്ട മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ആവശ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്ന കുടിവെള്ളപദ്ധതിയുടെ സാഹചര്യങ്ങൾ പ്രത്യേകമായി പരിശോധിക്കുകയുണ്ടായി. മൂന്നുഘട്ടങ്ങളിലായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഒന്നാംഘട്ടത്തിൽ നബാർഡ് ധനസഹായത്തോടെ 7.98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇൻടേക്ക് കിണറും 10 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുകയും ചെയ്യുകയുണ്ടായി. ഈ ഘട്ടത്തിലെ എല്ലാ പ്രവൃത്തികളും 2018-ഓടെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 2017-ലെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 24 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന വിവിധങ്ങളായ പ്രവൃത്തികളുടെ വിശദാംശങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നു+.

ടി പ്രവൃത്തികളിൽ ജലസംഭരണികളുടെ നിർമ്മാണം, പഴയ ടാങ്കുകളുടെ അറ്റകുറ്റപണികൾ, മറ്റ് സിവിൽ പ്രവൃത്തികൾ എന്നിവ പൂർത്തിയാക്കിയെങ്കിലും പൈപ്പ്

+ അനുബന്ധമായി ചേർക്കുന്നു.

*29-06-2026*
*Submission*

ലൈൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ കരാറുകാരൻ സമയബന്ധിതമായി പൂർത്തിയാക്കിയില്ല. ഇതേത്തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങുകയായിരുന്നു. കരാറുകാരനെ പ്രവൃത്തികളിൽനിന്നും ഒഴിവാക്കി അവശേഷിക്കുന്ന പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി റിസ്ക് ആൻഡ് കോസ്റ്റ് പ്രകാരം വീണ്ടും ടെൻഡർ ചെയ്തു. ഇതിന് നിലവിൽ ലഭിച്ചിട്ടുള്ള ഓഫറിന്മേലുള്ള തുടർ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുകയാണ്. പി.ഡബ്ല്യൂ.ഡി. റോഡ് പ്രവൃത്തികൾ പൂർത്തിയാക്കുവാനായി അടിയന്തര പ്രാധാന്യമുള്ള രണ്ട് പ്രധാന പൈപ്പ് ലൈൻ പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പ്രത്യേകം ടെൻഡർ ചെയ്തു. ഇതും പൂർണ്ണമായും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാംഘട്ടത്തിലും മൂന്നാംഘട്ടത്തിലുമായി നടപ്പാക്കേണ്ട കാര്യങ്ങൾകൂടി എത്രയുംവേഗം പൂർത്തിയാക്കി ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ ശുദ്ധജലവിതരണ പദ്ധതി നിർവഹണം സംബന്ധിച്ച് ഇനി അവശേഷിക്കുന്ന കാര്യങ്ങൾ പൂർത്തിയാക്കുവാൻ സർക്കാർ മുൻഗണന നൽകുന്നതാണ്. സംസ്ഥാനത്ത് കുടിവെള്ളപദ്ധതികളുടെ കാര്യത്തിൽ സംഭവിക്കുന്ന അന്യായമായ കാലതാമസത്തിന്റെ ദുരാവസ്ഥ ഈ പദ്ധതിയുടെ കാര്യത്തിലുമുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതും പരമാവധി വേഗത്തിൽ അവശേഷിക്കുന്ന കാര്യങ്ങൾ തീർപ്പാക്കുന്നതുമാണ്. വളരെ കാലതാമസമുണ്ടായൊരു പദ്ധതിയാണിത്. അതുകൊണ്ട് അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കാൻ ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്വീകരിക്കുന്നതിന് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം വിളിച്ചു ചേർക്കുന്നതാണ്.

**മഞ്ചേരി മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ വർധിപ്പിക്കൽ**

<u>ശ്രീ. എം. റഹമത്തുള്ള</u>: സർ, മഞ്ചേരി മെഡിക്കൽ കോളേജ് മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച മെഡിക്കൽ കോളേജാണ്. 2013-ൽ ഉമ്മൻ ചാണ്ടി സർക്കാരാണ് ആ മെഡിക്കൽ കോളേജ് അനുവദിച്ചത്. സയ്യിദ് ശിഹാബ് തങ്ങളുടെ നാമധേയത്തിൽ

*29-06-2026*
*Submission*

അന്നവിടെ നിലവിലുണ്ടായിരുന്ന ജനറൽ ആശുപത്രിയുടെ സൗകര്യങ്ങൾക്കൂടി വിനിയോഗിച്ചുകൊണ്ടാണ് പതിമൂന്ന് വർഷങ്ങൾക്ക് മുമ്പ് മെഡിക്കൽ കോളേജ് അവിടെ ആരംഭിക്കാൻ തീരുമാനിച്ചത്. പതിമൂന്ന് വർഷം കഴിയുമ്പോഴും മെഡിക്കൽ കോളേജിന്റെ അവസ്ഥ ആരംഭിച്ചിടത്ത് തന്നെയാണ് നിൽക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ മെഡിക്കൽ കോളേജിന്റെയും ജനറൽ ആശുപത്രിയുടെയും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് ചില നിർദേശങ്ങളുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി, അടിയന്തരമായി മഞ്ചേരിയിൽ വന്ന് ഞങ്ങളുടെ മെഡിക്കൽ കോളേജും അതുപോലെ ജനറൽ ആശുപത്രിയും സന്ദർശിക്കണമെന്നാണ് ഞാൻ അഭ്യർഥിക്കുന്നത്. കോഴിക്കോട് അങ്ങ് സന്ദർശിച്ചപ്പോൾ അതിന്റെ ഗുണങ്ങളുണ്ടായിട്ടുണ്ട്. വളരെ ദയനീയമായിട്ടുള്ള അവസ്ഥയാണ്. ചില കെട്ടിടങ്ങളൊക്കെ അപകടാവസ്ഥയിലാണ്. അതുകൊണ്ടുതന്നെ അടിയന്തരമായി അങ്ങ് അവിടെ വരണം. ജനങ്ങൾ ഇക്കാര്യത്തിൽ ഏത് നിലയ്ക്കും സഹകരിക്കാൻ തയ്യാറാണെന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട രണ്ടാമതൊരു കാര്യം. മെഡിക്കൽ കോളേജിന് ആവശ്യമായിട്ടുള്ള സ്ഥലം 25 ഏക്കർ സൗജന്യമായി കൊടുക്കാനുള്ള സന്നദ്ധത ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണ്; അക്വയർ ചെയ്യുമ്പോൾ അതിനും സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണ്. അത് ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനമാണ്. അതൊരു ഭാഗത്ത് നടക്കട്ടെ. പക്ഷേ ആ മെഡിക്കൽ കോളേജിൽ അങ്ങേയ്ക്ക് അറിയാവുന്നതുപോലെ സ്റ്റാഫ് പാറ്റേൺ എന്ന് പറയുന്നത് ഏതോ കാലത്തുള്ളതുപോലെയുള്ള അവസ്ഥയാണ്. ഇവിടെ പുതിയ സ്റ്റാഫ് പാറ്റേണിനെക്കുറിച്ചാണല്ലോ പറഞ്ഞത്. നഴ്സിങ് കോളേജും അവിടെത്തന്നെയാണ് പ്രവർത്തിക്കുന്നത്. അതിന്റെ അവസ്ഥ അതിദയനീയമാണ്. അതുകൊണ്ട് ഞാൻ ആവശ്യപ്പെടുന്നത് ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി വളരെ അടിയന്തരമായി മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ജനറൽ ആശുപത്രിയുടെയും കാര്യത്തിൽ ഇടപെടണം. അങ്ങ് അടിയന്തരമായി അവിടെ സന്ദർശിക്കണം. അതിനുശേഷം ഒരു

*29-06-2026*
*Submission*

ഉന്നതതല യോഗം വിളിച്ചുകൊണ്ട് ഇക്കാര്യത്തിൽ സത്വരമായ നടപടിയിലേക്ക് നീങ്ങണം എന്ന് അഭ്യർഥിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, മഞ്ചേരി ജനറൽ ആശുപത്രിയെ 2013-ലാണ് മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയത്. നിലവിലത് മലബാർ മേഖലയിലെ പ്രധാന സർക്കാർ മെഡിക്കൽ കോളേജ് തന്നെയാണ്. പ്രത്യേകിച്ച് നിപ പോലുള്ള പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും ഈ ആശുപത്രി പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട്, വിവിധ സർക്കാർ പദ്ധതികൾ എന്നിവ വഴി കോടിക്കണക്കിന് രൂപയുടെ വികസനങ്ങൾക്ക് നിലവിൽ അവിടെ തുടക്കം കുറിച്ചിട്ടുണ്ട്. സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. 24 ഏക്കർ ഭൂമിയിലാണ് ഇപ്പോൾ ഈ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. എന്നാൽ വികസനത്തിനായി 2.8107 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കാൻ 2019-ൽ സർക്കാർ അനുമതി നൽകി. ഏറ്റെടുക്കുന്നതിനായി ഭരണാനുമതിയും പ്രാഥമിക നടപടികൾക്കുള്ള ഫണ്ടും അനുവദിച്ചു. സർവെയും സാമൂഹികാഘാത പഠനവും പൂർത്തിയായിട്ടുണ്ട്. അതിനിടയിൽ ഭൂവുടമകളുടെ ഹർജിയുണ്ടായി. അതുകൊണ്ടാണ് തുടർന്നുള്ള നടപടികൾ താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളത്. ആനക്കയം വേട്ടക്കോട് പ്രദേശത്ത് 50 ഏക്കർ ഭൂമി ഏറ്റെടുക്കണമെന്ന് ബദൽ നിർദേശമുണ്ട്. ഡി.എം.ഇ.-യുടെ നേതൃത്വത്തിൽ ടെക്നിക്കൽ കമ്മിറ്റി സ്ഥലം പരിശോധിച്ചു. മെഡിക്കൽ കോളേജിൽ നിന്ന് ഏകദേശം മൂന്ന് കിലോമീറ്റർ അകലെ ഒരു സ്ഥലം കണ്ടെത്തി. പക്ഷേ അവിടേക്ക് അനുയോജ്യമായിട്ടുള്ള റോഡ് സൗകര്യങ്ങളില്ല. പുതിയ റോഡും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കാൻ വലിയ ചെലവുണ്ടാകും. ഏതായാലും ഭൂമി ഏറ്റെടുക്കലിന് മാത്രമായി 75 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതൊരു വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെയൊക്കെ അടിസ്ഥാനത്തിൽ എത്രയുംപെട്ടെന്നുതന്നെ ഇതിന്റെ നിർമ്മാണം ആരംഭിക്കണമെന്നാണ് സർക്കാരിന്റെ നിലപാട്. ഏതാണ്ട് 3,000 കോടി രൂപയുടെ ചെലവാണ് ഇതിനുവേണ്ടി കണക്കാക്കുന്നത്. ഏതായാലും ഭൂമി ഏറ്റെടുത്ത് മെഡിക്കൽ

കോളേജിന്റെ വികസനം പൂർത്തിയാക്കും. പുതിയ അക്സസ് റോഡുകളും വികസന പദ്ധതികളും നടപ്പാക്കും. അതോടൊപ്പം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യങ്ങൾ വിപുലീകരിക്കാനും ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കാനും ഞങ്ങൾ ഏതാണ്ട് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനെ മലബാർ മേഖലയിൽ ഒരു മികച്ച മെഡിക്കൽ കോളേജാക്കി മാറ്റും എന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പുനൽകുന്നു.

**കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ അനുവദിക്കുന്നത് സംബന്ധിച്ച്**

ശ്രീ. പി. മമ്മിക്കുട്ടി: സർ, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.-യുടെ പല ബസ്സുകളും തൃശ്ശൂർ-ഷൊർണ്ണൂർ വഴിയാണ് മലബാർ മേഖലകളിലേക്ക് പോകുന്നത്. ബൈപ്പാസിലൂടെ ഈ വണ്ടി പോകുന്നത് കാണാം എന്നല്ലാതെ നാട്ടുകാരായ സാധാരണക്കാർക്ക് അതിൽ യാത്ര ചെയ്യാൻ കഴിയില്ല. റെയിവേ സ്റ്റേഷനിലേയ്ക്ക് വരുന്ന ആളുകൾക്ക് യാത്ര ചെയ്യാൻ കഴിയുന്ന രീതിയിൽ ഈ ഹൈവേയിലൂടെ പോകുന്ന വണ്ടികൾ റെയിൽവേ സ്റ്റേഷൻവഴി തിരിച്ചുവിട്ടാൽ ഒരുപാട് യാത്രക്കാർക്ക് അത് പ്രയോജനപ്പെടും. മാത്രമല്ല പെരിന്തൽമണ്ണയ്ക്കും പൊന്നാനിയ്ക്കും ഇടയിൽ ഒരു ബസ്സിന് തകരാർ വന്നാൽ അതൊന്ന് റിപ്പയർ ചെയ്യുന്നതിനുവേണ്ടിയോ ബ്രേക്ക്ഡൗൺ തകരാറ് നേരെയാക്കുന്നതിനുവേണ്ടിയോ കാറ്റ് അടിക്കുന്നതിനുവേണ്ടിയോ യാതൊരു സൗകര്യവുമില്ല. അതുകൊണ്ട് ഈ വഴിക്ക് കടന്നുപോകുന്ന ബസ്സുകൾക്ക് ഇത്തരത്തിലുള്ള ചില സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുവേണ്ടി കുളപ്പുള്ളിയിൽ പ്രവർത്തിക്കുന്ന മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഉപയോഗപ്പെടുത്തി ഒരു സബ് ഡിപ്പോ ആരംഭിച്ചുകഴിഞ്ഞാൽ ബസുകളുടെ സർവ്വീസ് മുടങ്ങാതെ നടത്താനും തകരാറുകൾ പരിഹരിച്ച് മുന്നോട്ടു പോകുവാനും കഴിയും. ഈ ഹൈവേയിൽക്കൂടി സൂപ്പർഫാസ്റ്റ് ബസുകളും മറ്റു ബസ്സുകളും ധാരാളം പോകുന്നുണ്ടെങ്കിലും ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ച സ്ത്രീകൾക്കുള്ള സൗജന്യ യാത്ര ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള ഓർഡിനറി സർവീസുകളില്ല. ഷൊർണ്ണൂർ മണ്ഡലത്തിൽ ആകെ ആറോ ഏഴോ ഓർഡിനറി ബസ്സുകളാണ് സർവീസ് നടത്തുന്നത്. അതുകൊണ്ട് കൂടുതൽ ഓർഡിനറി സർവീസുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ഷൊർണ്ണൂർ കുളപ്പുള്ളി മേഖല കേന്ദ്രീകരിച്ചുകൊണ്ട് സബ്ഡിപ്പോ

*29-06-2026*
*Submission*

അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ബഹുമാനപ്പെട്ട ഷൊർണ്ണൂർ അംഗം ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ചിട്ടുള്ള ഈ വിഷയം തീർച്ചയായിട്ടും ഗൗരവമുള്ളതാണ്. നമ്മുടെ റെയിൽവേ യാത്രകളുടെ ഒരു സിരാകേന്ദ്രമാണ് ഷൊർണ്ണൂർ. പക്ഷേ അവിടെയൊരു കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോ ഇല്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ ആ ഷൊർണ്ണൂരിൽക്കൂടി ഗുരുവായൂർ, പെരിന്തൽമണ്ണ, തൃശ്ശൂർ, വടക്കാഞ്ചേരി, മണ്ണാർക്കാട്, മലപ്പുറം, പൊന്നാനി തുടങ്ങിയ സമീപ ഡിപ്പോകളിൽ നിന്നാണ് ആവശ്യത്തിനനുസരിച്ച് വണ്ടികൾ ഓപ്പറേറ്റ് ചെയ്യുന്നത്. ഒരു രണ്ടര ഏക്കർ സ്ഥലവും കെട്ടിടവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും കെ.എസ്.ആർ.ടി.സി.-ക്ക് സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ തീർച്ചയായും അവിടെയൊരു ഓപ്പറേറ്റിങ് സെന്ററോ ഡിപ്പോയോ തുടങ്ങുന്നതിന് വിരോധമില്ല. അതുപോലെതന്നെ കുളപ്പുള്ളി സ്റ്റാൻഡിൽ എല്ലാ ബസ്സുകളും കയറിപ്പോകുന്നതിൽ കുറച്ചു ബുദ്ധിമുട്ടുണ്ട്. കാരണം നിലവിൽ പെരിന്തൽമണ്ണ ഭാഗത്തുനിന്നു വരുമ്പോൾ ട്രാഫിക് നിയന്ത്രണം കാരണം സൂപ്പർക്ലാസ് ബസുകൾ കടന്നുപോകാൻ കുറച്ചു ബുദ്ധിമുട്ടുകളുണ്ട്. എങ്കിൽപ്പോലും അദ്ദേഹം പറഞ്ഞതുപോലെ യാത്രക്കാരുടെ സൗകര്യാർത്ഥം ഷൊർണ്ണൂർ വഴി തൃശ്ശൂർ ഭാഗത്തേക്കും പെരിന്തൽമണ്ണ ഭാഗത്തേക്കും സർവീസ് നടത്തുന്ന എല്ലാ ഓർഡിനറി ബസ്സുകളും ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ മുനിസിപ്പൽ ബസ് സ്റ്റേഷൻ വഴി കടന്നുപോകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. കൂടാതെ തൃശ്ശൂർ ഭാഗത്തു നിന്നും പെരിന്തൽമണ്ണ ഭാഗത്തേക്ക് സർവീസ് നടത്തുന്ന എല്ലാ ദീർഘദൂര ബസുകളും ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ മുനിസിപ്പൽ ബസ് സ്റ്റേഷൻ വഴി കടന്നുപോകുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

*29-06-2026*
*Submission*

<u>ശ്രീ. സി. അജയപ്രസാദ്</u>: സർ, പുനലൂർ നിയോജകമണ്ഡലത്തിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ ഇരുപത് വർഷമായി താൽക്കാലികമായി ജോലി ചെയ്തുവരുന്ന 274 തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1972-ൽ ശ്രീലങ്കയിൽനിന്ന് അഭയാർത്ഥികളായി എത്തിയ 700 കുടുംബങ്ങളെ പുനരധിവാസം നടത്തി അവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയാണ് പ്രസ്തുത പ്ലാന്റേഷൻ ആരംഭിച്ചത്. ശ്രീലങ്കയിൽനിന്നും വരുമ്പോഴുണ്ടായിരുന്ന ഫാമിലി കാർഡിൽ പേരുണ്ടായിരുന്നവർക്കാണ് ആർ.പി.എൽ.-ൽ ജോലി നൽകിയിരുന്നത്. എന്നാൽ ആ ഫാമിലി കാർഡിൽ പേരുകൾ ഉണ്ടായിരുന്നവരുടെ എണ്ണം 2026-ൽ അവസാനിക്കുകയും കേരളത്തിൽ വന്നതിനുശേഷം ജനിച്ചവർക്ക് ആശ്രിത നിയമനം നടത്താൻ മാനേജ്മെന്റുകൾ തയ്യാറാകാത്ത സാഹചര്യവുമുണ്ടായി. എന്നാൽ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ വന്നശേഷം ജനിച്ചവർക്കും ജോലി നൽകുന്നതുമായി ബന്ധപ്പെട്ട തീരുമാനമുണ്ടായി. അത്തരത്തിൽ ഇരുപത് വർഷക്കാലമായി ജോലി ചെയ്തുവരുന്ന 274 പേരാണുള്ളത്. ഇവരിൽ ആറുപേർ പെൻഷനായെങ്കിലും ഗ്രാറ്റുവിറ്റിയുൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളൊന്നും അവർക്ക് ലഭിച്ചിട്ടില്ല. നിലവിൽ 26 ദിവസം വീതം താൽക്കാലികമായി ജോലി ചെയ്ത് ശമ്പളം വാങ്ങുന്ന ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുകൊണ്ട് സർക്കാരിന് ഒരുതരത്തിലുമുള്ള അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യമില്ല. സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷനിലും പ്ലാന്റേഷൻ കോർപ്പറേഷനിലും നൂറുകണക്കിന് തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം തൊഴിലാളികളുടെ അതേ ജോലി ദീർഘകാലം ചെയ്തുവരുന്ന താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 31-01-2025-ലെ ഉത്തരവിന്റെകൂടി അടിസ്ഥാനത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിൽ ഇരുപത് വർഷമായി ജോലി ചെയ്തുവരുന്ന 274 പാവപ്പെട്ട തൊഴിലാളികളെയും മാനുഷിക പരിഗണനകൾ നൽകി സ്ഥിരപ്പെടുത്തണമെന്നും അവർക്ക് സ്ഥിരം തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

*29-06-2026*
*Submission*

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, ശ്രീലങ്കയിൽനിന്നും തിരികെ വന്ന ഇന്ത്യൻ വംശജരെ തൊഴിൽ നൽകി പുനരധിവസിപ്പിക്കുന്നതിനുവേണ്ടി നിലവിൽവന്ന റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ വർക്കർ തസ്തികയിലെ സ്ഥിരം നിയമനങ്ങൾ കമ്പനിയിൽ പുനരധിവസിക്കപ്പെട്ട ശ്രീലങ്കൻ റീപാട്രിയേറ്റ് കുടുംബങ്ങൾക്കുമാത്രമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നതാണ്. അതിൽ കമ്പനിയിൽ പുനരധിവസിക്കപ്പെട്ട അർഹരായ എല്ലാ റീപാട്രിയേറ്റ് കുടുംബങ്ങൾക്കും ജോലി നൽകിയിട്ടുണ്ട്. പുനരധിവസിപ്പിച്ച കുടുംബങ്ങളിൽ പുതുതായി ജോലി ലഭിക്കാനർഹതയുള്ള റീപാട്രിയേറ്റുകൾ ഇല്ലാത്തതിനാൽ അവർക്ക് ഇന്ത്യയിൽ വന്നതിനുശേഷം ജനിച്ച ആശ്രിതർക്കും ഈ സ്ഥാപനങ്ങളിലെ വർക്കർ വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് തേർഡ് എംപ്ലോയ്മെന്റ് എന്ന നിലയിലും ഓരോ കുടുംബത്തിലെയും മൂന്നാമത്തെ അംഗത്തിന് ജോലി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ കൃത്യമാണ്. എനിക്ക് നേരിട്ട് അറിവുള്ള കാര്യമാണത്. അവിടത്തെ സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളുടെ ജീവിതം, ലയങ്ങളുടെ ശോച്യാവസ്ഥ, കുടിവെള്ള ക്ഷാമം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ നിലവിലുണ്ട്. ദുരിതപൂർണ്ണമായ ജീവിതമാണ് അവർ നയിക്കുന്നത്. റീഹാബിലിറ്റേഷൻ പ്ലാന്റേഷന്റെ ഭാരവാഹികൂടിയായ ബഹുമാനപ്പെട്ട അംഗം നേരിട്ട് നൽകിയ കത്തുകളും അതോടൊപ്പം സർക്കാർ സ്വീകരിച്ച നടപടികളും പരിശോധിച്ചതിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അക്കാര്യത്തിൽ അനുഭാവപൂർവമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നകാര്യം പ്രധാനമായും ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. എന്നാൽ യു.ഡി.എഫ്. സർക്കാർ നിയമപരമായ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് അനുഭാവപൂർവമായ തീരുമാനമെടുക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

<u>ഫ്ലൈ ഓവർ നിർമ്മാണം</u>

*29-06-2026*
*Submission*

<u>ശ്രീ. മനോജ് മൂത്തേടൻ:</u> സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നാണ് എം.സി. റോഡ്. തെക്കൻ കേരളത്തിൽനിന്ന് നെടുമ്പാശ്ശേരി എയർപോർട്ടിലേക്കും തൃശ്ശൂർ ഭാഗത്തേക്കും കടന്നുപോകുന്ന പ്രധാനപ്പെട്ടൊരു നഗരം കൂടിയാണ് പെരുമ്പാവൂർ. വടക്കൻ കേരളത്തിൽനിന്ന് ശബരിമലയിലേക്കും തിരുവനന്തപുരത്തേക്കുമുൾപ്പെടെ പെരുമ്പാവൂർ നഗരം കടന്നാണ് വരുന്നത്. പെരുമ്പാവൂർ നഗരം ഇന്ന് ഗതാഗതക്കുരുക്കിനാൽ വലിയ തോതിൽ വീർപ്പുമുട്ടുകയാണ്. ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങളാണ് അങ്ങോട്ടുമിങ്ങോട്ടും കടന്നുപോകുന്നത്. ശബരിമല സീസണിൽ ഒരു ദിവസം മൂന്ന് മണിക്കൂറെങ്കിലും പെരുമ്പാവൂർ നഗരത്തിൽ മാത്രം വാഹനങ്ങൾ കെട്ടിക്കിടക്കുകയാണ്. എയർപോർട്ടിലേക്ക് പോകുന്ന നിരവധി ജനങ്ങൾക്ക് ദിനംപ്രതി കൃത്യസമയത്ത് ഫ്ലൈറ്റ് ലഭിക്കാതെ ഗതാഗതക്കുരുക്കിൽപ്പെട്ട് വലയുന്ന സാഹചര്യമുണ്ട്. പെരുമ്പാവൂർ കടന്നുകഴിഞ്ഞാൽ കാലടിയിലും ഗതാഗതക്കുരുക്കുണ്ടാകാറുണ്ട്. അതിനാൽ ഈ വഴിയിലൂടെ യാത്ര ചെയ്യുന്ന ആളുകൾ വലിയ പ്രയാസങ്ങൾ അനുഭവിച്ചിട്ടാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. അടിയന്തരമായും പെരുമ്പാവൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സത്വരമായി ഏതെങ്കിലുമൊരു നടപടി സ്വീകരിക്കണം. അവിടെ ഫ്ലൈ ഓവർ നിർമ്മിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. പെരുമ്പാവൂർ നഗരത്തിൽ ഒരു കിലോമീറ്ററിനുള്ളിൽ ഏഴ് സ്ഥലത്തെങ്കിലും എം.സി. റോഡിനെ ക്രോസ് ചെയ്ത് മറ്റ് റോഡുകൾ പോകുന്നുണ്ട്. അതിനാൽ ഒരു ഫ്ലൈ ഓവർ സംവിധാനമുണ്ടെങ്കിൽ ഈ ഏഴ് സ്ഥലങ്ങളിലും വാഹനങ്ങൾക്ക് സുഗമമായി പോകുന്നതിനും തെക്കൻ കേരളത്തിൽനിന്നും വടക്കൻ കേരളത്തിൽനിന്നും ആളുകൾക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിനുള്ള സാഹചര്യവുമുണ്ടാകും. പെരുമ്പാവൂർ ടൗണിൽ അടിയന്തരമായി ഒരു ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് വിശദമായ പഠനം നടത്തി അടുത്ത ബജറ്റിലെങ്കിലും ഒരു പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

*29-06-2026*
*Submission*

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, വളരെയധികം ഗതാഗത കുരുക്കുള്ള ഒരു പ്രദേശമാണ് പെരുമ്പാവൂർ ടൗൺ. മൂവാറ്റുപുഴ, പെരുമ്പാവൂർ, കാലടി എന്നീ പ്രദേശങ്ങളിലേക്കുള്ള ഗതാഗതക്കുരുക്കിനെ സംബന്ധിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട അംഗമായ മനോജ് മൂത്തേടൻ ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സർക്കാർ ഗൗരവമായാണ് കാണുന്നത്. പെരുമ്പാവൂർ ടൗണിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്.

റിങ് റോഡുകൾ നവീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സുധീർഷാ പാലോട്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് പ്രദേശത്തെ രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് തുടക്കം കുറിച്ച ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കും വ്യാപാരികൾക്കും ഓട്ടോ ടാക്സി തൊഴിലാളികൾക്കും വലിയ ആശങ്കയാണുള്ളത്. ആ ഫ്ലൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അശാസ്ത്രീയമാണെന്നുള്ള പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഫ്ലൈ ഓവറിന്റെ നിർമ്മാണം പൂർത്തീകരിച്ചാലും, സർവീസ് റോഡിന്റെ വീതി ഇപ്പോഴുള്ള ഡി.പി.ആർ.-ൽ അഞ്ചര മീറ്റർ എന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷെ അവിടെ അത്രയും വീതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. മൂന്ന് മീറ്ററിനുതാഴെ മാത്രമെ ഈ സർവീസ് റോഡിന് വീതിയുള്ളൂ. വ്യക്തമായ പഠനം നടത്താതെയും ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട ഒരു നടപടിയും പൂർത്തിയാക്കാതെയുമാണ് കഴിഞ്ഞ സർക്കാർ ഫ്ലൈ ഓവർ നിർമ്മാണവുമായി മുന്നോട്ടുപോയത്. കുട്ടികൾക്ക് സ്കൂളിൽ പോകാനും കച്ചവടക്കാർക്ക് കടകൾ തുറക്കാനും കഴിയാത്തതുമായ സാഹചര്യങ്ങളാണ് നിലവിലുള്ളത്. വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കണം. തുടർനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾത്തന്നെ ശാസ്ത്രീയമായി പഠനം നടത്തുന്നതിനും അതിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട

*29-06-2026*
*Submission*

പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽത്തന്നെ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ഫ്ലൈ ഓവർ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തനത്തിന് ഒരു യോഗം വിളിച്ച് ചേർക്കണമെന്ന് അഭ്യർഥിക്കുന്നു. കൂടാതെ, ഫ്ലൈ ഓവറുമായി ബന്ധപ്പെട്ട അനുബന്ധ റോഡുകൾ/റിങ് റോഡുകൾ ഈ പ്രവർത്തനം നടക്കുന്നതിനാൽ സഞ്ചാര യോഗ്യമല്ലാത്ത നിലയിലാണ്. ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന എം.സി. റോഡിലൂടെയുള്ള ഗതാഗതം വളരെയധികം പ്രതിസന്ധിയിലായിരിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. അതിനാൽ ആ റിങ് റോഡുകളുടെ നവീകരണവും അടിയന്തരമായി നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണവേളയിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടിയാണ് പിരപ്പൻകോട് മുതൽ അമ്പലമുക്ക് വരെ 8.5 കിലോമീറ്റർ നീളത്തിലും ഏഴ് മീറ്റർ വീതിയിലും വെഞ്ഞാറമൂട് ഔട്ടർ റിങ് റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിച്ചത്. പക്ഷെ ഗതാഗതക്കുരുക്കിന് ഇപ്പോഴും ഒരു പരിഹാരം കാണാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, സർവീസ് റോഡിന് നിലവിലുള്ള ഡി.പി.ആർ.-ലെ മൂന്ന് മീറ്റർ വീതി മാത്രമെയുള്ളൂ. അവിടെ കൂടുതൽ സ്ഥലം ലഭിക്കില്ല. ഇന്നലെ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി സംസാരിച്ചപ്പോഴും അവിടെ സ്ഥലം ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. അശാസ്ത്രീയമായാണ് പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. ഫ്ലൈ ഓവർ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സമയബന്ധിതമായി അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഇപ്പോഴുണ്ടായ ബുദ്ധിമുട്ടുകൾ കാരണം ഫ്ലൈ ഓവർ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഊരാളുങ്കൽ സൊസൈറ്റിയുടെ ഉദ്യോഗസ്ഥരുമായി ഒരു യോഗം ചേർന്ന് അടിയന്തരമായി ഫ്ലൈ ഓവർ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ

*29-06-2026*
*Submission*

അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എല്ലാ ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർക്കുന്നതാണ്. ലാൻഡ് അക്വിസിഷൻ നടപടികളുമായി മുന്നോട്ടുപോയാൽ പ്രവൃത്തി പൂർത്തിയാക്കാൻ വർഷങ്ങളെടുക്കും. നാട്ടുകാർ സൗജന്യമായി സ്ഥലം നൽകുന്നതിന് തയ്യാറായാൽ എല്ലാ പ്രവൃത്തികളും ഭംഗിയായി നടക്കും.